കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 2/1540/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –17/08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-2/1540/2017 തീയതി: 17/08/2017

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25-10-2016 മുതൽ 31-03-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-07-2017മുതൽ 29-07-2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ്സ് | ഓഡിറ്റ്ഓഫീസർ, ഹയർ ഗ്രേഡ് |
| | ശ്രീമതി.സോണിയ.ജെ.സെബാസ്റ്റ്യൻ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ടി.ആർ ശങ്കരപ്പിള്ള | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ഡോ.ജി.പ്രീതി നാഥ് | 1.4.2016മുതൽ 26.7.2016 വരെ |
| | ശ്രീ. ജയപ്രകാശ്.പി | 27.7.2016 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. അരുൺ സുഗതൻ | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. വിജയ് | 1.4.2016 മുതൽ 06.3.2017 വരെ |
| | ഡോ.കെ.ജി.സുജാത | 07.3.2017 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. അനിൽകുമാർ | 1.4.2016 മുതൽ 18.02.17വരെ |
| | ഡോ.ഫിലിപ്പ് തോമസ് വൈദ്യർ | 19.02.17മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മിനി ജയദേവ് | 1.4.2016 മുതൽ 21.8.2016 വരെ |
| | ഡോ.സിന്ധു രാമചന്ദ്രൻ | 22.8.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സബിതാവിജയൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലളിത.കെ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | 1)വിനോദ്കുമാർ (മുതുപിലാക്കാട് ഡിവിഷൻ) | 1.4.2016 മുതൽ 07.02.2017വരെ |
| | 2)പ്രസാദ് ഡെന്നീസ് | 1.4.2016 മുതൽ 10.08.2016 വരെ |
| | 3)സൗമ്യ.വി.എസ്സ് | 12.08.2016 മുതൽ 12.02.2017 വരെ |
| | 4)റോബിൻ സാമുവൽ | 10.03.17 മുതൽ 31.3.2017 വരെ |
| | 5) ദീപു.ടി | 01.12.16 മുതൽ 31.3.2017 വരെ |
| | 6) വിനീഷ്.വി | 12.03.17മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | 1)ശ്രീമതി. ഷാഹിദ.കെ | 1.4.2016 മുതൽ 29.08.2016 വരെ |
| | 2)ശ്രീമതി.ഷീബാഫ്രാൻസീസ് | 30.08.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ്. | 2)ശ്രീമതി.എൻ.വിജയമ്മ | 1.4.2016 മുതൽ 31.3.2017 വരെ |
| അസി.സെക്രട്ടറി | 1)ശ്രീ.ജയപ്രകാശ്.പി | 1.4.2016 മുതൽ 23.7.2016 വരെ (14/7/16-19/8/16 ഒഴിവ്) |
| | 2)ശ്രീ.എസ്.ശിവകുമാർ | 20.8.2016മുതൽ 31.3.2017 |
| അസി.എഞ്ചിനീയർ | 1)ശ്രീമതി. ആശ ഗോപിനാഥ്. | 1.4.2016 മുതൽ 10.07.2016വരെ (11/7/16-26/8/16 ഒഴിവ്) |
| | 2)ശ്രീ.റാണാ.എം.ആർ | 27.08.2016 മുതൽ 31.3.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | *ഭാഗം 1* | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | *ഭാഗം 2* | |
| 12 | ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ഹാജരാക്കിയില്ല. | 2-1 |
| 13 | ഭരണിക്കാവ് ബസ്സ്റ്റാന്റ് കടമുറികൾ - ലേലം കൊണ്ടവർ വാടക ഒടുക്കുന്നില്ല | 2-2 |
| 14 | കടമുറികളുടെ ലേലം നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ നടത്തി | 2-3 |

| | | |
|---|---|---|
| 15 | മാട്ടിറച്ചി വ്യാപാരലേലം - നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | 2-4 |
| 16 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പാവ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. | 2-5 |
| 17 | ഡി ആന്റ് ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-6 |
| 18 | പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല | 2-7 |
| 19 | ലൈബ്രറി സെസ് ഒടുക്ക് വരുത്തുന്നില്ല. | 2-8 |
| | *ഭാഗം 3* | |
| 20 | ഭരണിക്കാവ് ബസ്സ്റ്റാൻറിൽ സ്റ്റാൾ നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 3-1 |
| 21 | ഭരണിക്കാവ് പഞ്ചായത്ത് ബസ് സ്റ്റാന്റ് -പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമായിട്ടില്ല | 3-2 |
| 22 | ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 3-3 |
| 23 | ഓട്ടോ വാങ്ങുന്നതിന് സബ്സിഡി -രേഖകളില്ലാത്തതിനാൽ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 24 | വിശദമായ വിനിയോഗ രേഖകളില്ല, ചെലവു തുക-10,90,000/- തടസ്സപ്പെടുത്തുന്നു. | 3-5 |
| 25 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-വിതരണ രേഖകളില്ല – 1,90,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 26 | കായൽ സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 3-7 |

| | | |
|---|---|---|
| 27 | തുല്യതാ പഠനത്തിന്റെ രേഖകളില്ല 96,200/-രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 28 | മരുന്ന് ലഭ്യമായില്ല, 6,99,401/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 29 | മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 3-10 |
| 30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-11 |
| 31 | ആശ്രയ പദ്ധതി - സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ തുക വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു. | 3-12 |
| 32 | വൃദ്ധസദന നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-13 |
| 33 | അംഗനവാടി നിർമ്മാണം -ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല- അധികം നൽകിയ തുക നിരാകരിക്കുന്നു | 3-14 |
| 34 | ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അഡ്വാൻസായി നൽകി | 3-15 |
| | *ഭാഗം 4* | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | സാക്ഷ്യപത്രം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 01-03-16 തിയതിയിലെ 1ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
| 31-07-2017 | 25.06.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 24-07-2017 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16831131 |
| വരവ് | 87604584 |
| ആകെ | 104435715 |
| ചെലവ് | 83396948 |
| നീക്കിയിരിപ്പ് | 21038767 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15655142 | 15655142 | 15637889 | 17253 | 99.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9514464 | 9514464 | 6710951 | 2803513 | 70.5 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 71715 | 71715 | 71715 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10789431 | 10789431 | 9779212 | 1010219 | 90.6 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 4509360 | 4509360 | 2982426 | 1526934 | 66.1 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8778858 | 8778858 | 8778858 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4640531 | 4640531 | 3959170 | 690361 | 85.1 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 1064068 | 1064068 | 1059453 | 4615 | 99.6 |
| ബി ഫണ്ട് | 0 | 685560 | 685560 | 685560 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 97182493 | 160 | 64195022 | 42 | 35 | 61 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8622656 | 11327550 | 2704894 | |
| നികുതിയേതര | 1934618 | 3048112 | 1113494 | |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| മറ്റുവരവുകൾ | 19904668 | 20600974 | 696306 | |
| ആകെ | 30461942 | 34976636 | 4514694 | 14.8 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 685560 | 425 |
| കർഷകതൊഴിലാളി പെൻഷൻ | 861400 | 373 |
| വിധവാപെൻഷൻ | 15418600 | 6616 |
| വാർദ്ധക്യകാലപെൻഷൻ | 25250100 | 7974 |
| വികലാംഗപെൻഷൻ | 4490200 | 1692 |
| അൻപതുവയസ്സിന് മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 303100 | 130 |
| വിവാഹധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-07-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8617/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ലേലം, കടമുറികൾ വാടകയ്ക്ക് നൽകൽ എന്നിവയിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുന്നില്ല.(ഖണ്ഡിക 2-3, 2-4) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസിന് അടച്ചുറപ്പ് സംവിധാനമില്ലാത്തതിനാൽ പ്രവൃത്തിസമയങ്ങളിൽ കളക്ഷൻ തുക സുരക്ഷിതമായി പൂട്ടിവയ്ക്കാൻ സാധിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-06-17 | 01-05-17 മുതൽ 31-05-17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-04-16 | 2011-12 മുതൽ 2015-16 വരെ | 16-07-16 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ഹാജരാക്കിയില്ല.

2139-ാം നമ്പർ രസീത് ബുക്കിലെ 33-ാം രസീത് (തീയതി 16-03-17) ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് രസീത്ബുക്കിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-1/21.07.17)യ്ക്ക് ഡ്യൂപ്ലിക്കേറ്റ് രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരുന്നുവെന്നും എങ്ങനെയോ ഇളകിപോയിട്ടുള്ളതാണ് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. പല രീതിയിൽ ദുർവിനിയോഗം ചെയ്യാൻ സാധ്യതയുള്ള ഡ്യൂപ്ലിക്കേറ്റ് രസീത് അശ്രദ്ധമായി കൈകാര്യം ചെയ്തതിനാലാണ് നഷ്ടപ്പെട്ടത്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ക്യാൻസൽ ചെയ്ത രസീതുകൾ അന്നന്നു തന്നെ കൗണ്ടർ സൈൻ ചെയ്ത് നഷ്ടപ്പെടാതെ സുക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

### 2-2 ഭരണിക്കാവ് ബസ്സ്റ്റാന്റ് കടമുറികൾ - ലേലം കൊണ്ടവർ വാടക ഒടുക്കുന്നില്ല

ഭരണിക്കാവ് ബസ്സ് സ്റ്റാന്റിൽ പുതുതായി നിർമ്മിച്ച ആറ് കടമുറികളിൽ കുടുംബശ്രീയ്ക്കായി മാറ്റിവച്ച ഒരു കടമുറി ഒഴികെ അഞ്ച് എണ്ണം ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബസ്സ് സ്റ്റാന്റിന്റെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കടമുറികളിൽ വ്യാപാരം തുടങ്ങിയിട്ടില്ല. 2.07.2017-ൽ അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ശ്രീ.കൈലാസ്, കൈലാസ് ഭവനം, വലിയപാടം എന്ന വ്യക്തി വാടകയ്ക്ക് എടുത്ത IIIാം നമ്പർ കടമുറിയിൽ ഒരു ബുക്ക്സ്റ്റാൾ മാത്രം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ് കാണാൻ കഴിഞ്ഞത്.

വ്യാപാരം തുടങ്ങിയിട്ടില്ല എന്ന കാരണത്താൽ ആരും തന്നെ പ്രതിമാസ വാടക ഒടുക്കുന്നില്ല. അഞ്ച് കടമുറികൾ താഴെ പറയുന്ന നിരക്കിലാണ് ഓരോരുത്തരും ലേലത്തിൽ പിടിച്ചിരിക്കുന്നത്. കുടിശ്ശിക തുകയും ചുവടെ ചേർക്കുന്നു.

| കടമുറി നമ്പർ | ലേലം കൊണ്ട വ്യക്തി | പ്രതിമാസ വാടക | നാളിതുനവരെ കുടിശ്ശിക |
|---|---|---|---|
| I | ശ്രീ.നവാസ്,കുടുങ്ങൽ തെക്കതിൽ,പനപ്പെട്ടി | 11,000 | 88,000 |
| II | ശ്രീമതി. രാജലക്ഷ്മി,വിശ്വഭവനം,പനപ്പെട്ടി | 95,00 | 76,000 |
| III | ശ്രീ.കൈലാസ്, കൈലാസ്ഭവനം,വലിയപാടം | 7600 | 60,800 |
| IV | ശ്രീ.രഘുനാഥൻ നായർ , കൃഷ്ണകൃപ | 7500 | 60,000 |
| V | ശ്രീ.രഞ്ജിത്ത്, രഞ്ജിത്ത് ഭവനംമനക്കര | 6700 | 53,600 |

02.12.16ൽ നടന്നലേലത്തിലാണ് കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. എട്ട് മാസത്തെ വാടകകുടിശ്ശികയിനത്തിൽ 3,38,400രൂപയാണ് പഞ്ചായത്തിന് ലഭിക്കാനുള്ളത്.

ബസ്സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കി ടി കടമുറികളിലെ വ്യാപാരം ആരംഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം വരുമാന സ്രോതസ്സായി മുന്നിൽ കണ്ട് നിർമ്മിച്ച കടമുറികൾ നിഷ്ക്രിയ ആസ്തിയായി മാറുകയും പഞ്ചായത്തിന് ബാധ്യതയായിത്തീരുകയും ചെയ്യും

## 2-3 കടമുറികളുടെ ലേലം നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ നടത്തി

02-12-16 ൽ നടന്ന ഭരണിക്കാവ് ബസ്സ്റ്റാന്റിലെ കടമുറികളുടെ ലേലത്തിൽ താഴെപറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) ഡെപ്പോസിറ്റ് തുകകൾ പൂർണ്ണമായി ഒടുക്കുവരുത്തിയിട്ടില്ല

ലേല നിബന്ധന അനുസരിച്ച് ഡിപ്പോസിറ്റ് തുക 2,00,000/- രൂപയായിരുന്നു. എന്നാൽ കടമുറികൾ ലേലം കൊണ്ടവരിൽ രണ്ടു പേർ മാത്രമെ ഡെപ്പോസിറ്റ് തുക മുഴുവൻ ഒടുക്കിയിട്ടുള്ളു. അടച്ച ഡെപ്പോസിറ്റ് തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കടമുറി നമ്പർ | ലേലം കൊണ്ട വ്യക്തി | ഡിപ്പോസിറ്റ് ആയി ഒടുക്കിയ തുക | ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| I | ശ്രീ.നവാസ്,കുടുങ്ങൽ തെക്കതിൽ,പനപ്പെട്ടി | 25000 | 175000 |
| II | ശ്രീമതി. രാജലക്ഷ്മി, വിശ്വഭവനം, പനപ്പെട്ടി | 60000 | 140000 |
| III | ശ്രീ.കൈലാസ്, കൈലാസ്ഭവനം, വലിയപാടം | 200000 | 0 |
| IV | ശ്രീ.രഘുനാഥൻ നായർ , കൃഷ്ണകൃപ | 200000 | 0 |
| V | ശ്രീ.രഞ്ജിത്ത്, രഞ്ജിത്ത് ഭവനം, മനക്കര | 25000 | 175000 |

ലേലനിബന്ധനയിൽ നിരതദ്രവ്യതുക 2,00,000/-രൂപയാണെന്ന് വ്യക്തമാക്കിയിട്ടും നിശ്ചിത തുക ഒടുക്കാത്തവരെ നിബന്ധനകൾ ലംഘിച്ച് ലേലത്തിൽ പങ്കെടുപ്പിച്ചതും ലേലം ഉറപ്പിച്ച് നൽകിയതും അംഗീകരിക്കാൻ കഴിയില്ല. ടി വ്യക്തികളിൽ നിന്നും ഡിപ്പോസിറ്റ് തുക മുഴുവനായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) <u>ലേലം ഉറപ്പിച്ച് നൽകിവരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടില്ല</u>

ലേലം ഉറപ്പിച്ച് നൽകിവരുമായിപഞ്ചായത്ത് നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് മറുപടിയായി 200/- രൂപ പത്രത്തിൽ കരാറിൽവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 25-12-2016 ൽ എടുത്ത കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പാണ് ഹാജരാക്കിയിരിക്കുന്നത്. വാടകക്കാർ ഡിപ്പോസിറ്റ് തുക മുഴുവനായി ഒടുക്കി കരാർ വയ്ക്കാതിരുന്നിട്ടും ഇതിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. 12.07.2017 തീയതിയിലെ 9-ാം നമ്പർ തീരുമാനപ്രകാരം മുറികളെല്ലാം പുനർ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നുണ്ട്. പുനർ ലേലത്തിൽ ലേല നിബന്ധനകൾ കൃത്യമായി പാലിച്ച് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

ഉണ്ടാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 <u>മാട്ടിറച്ചി വ്യാപാരലേലം - നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം</u>

24-03-17-ൽ 2017-18 വർഷത്തേക്ക് നടന്ന ആഞ്ഞിലിമൂട് മാട്ടിറച്ചി വ്യാപാര ലേലം ശ്രീ.നൗഷാദ്, അക്കരവിള പുത്തൻവീട് എന്ന വ്യക്തി 8,00,000 രൂപയ്ക്കാണ് ലേലം കൊണ്ടിട്ടുള്ളത്. എന്നാൽ ടി യാൾ ഒരുലക്ഷം രൂപ മാത്രമാണ് ഒടുക്കവരുത്തിയിട്ടുള്ളത്. ലേല നടപടിക്രമങ്ങൾ അനുസരിച്ച് രണ്ടാമത്തെ വലിയതുക ലേലം വിളിച്ച വ്യക്തിയുടെ നിരതദ്രവ്യതുക ഒന്നാമത്തെയാൾ ലേലത്തുക മുഴുവനായി ഒടുക്കി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തിരിച്ചു നൽകാൻ പാടുള്ളൂ. ടി നടപടിക്രമം പാലിക്കാഞ്ഞതിനാൽ, ലേല നിബന്ധനകൾ പാലിക്കാത്ത ശ്രീ.നൗഷാദ് ഒടുക്കിയ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി തൊട്ടടുത്തയാൾക്ക് ലേലം ഉറപ്പിച്ച് നൽകുന്നതിനുള്ള അവസരമാണ് നഷ്ടപ്പെട്ടിരിക്കുന്നത്.ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/17/27-7-17), ബാക്കിയുള്ള 7 ലക്ഷം രൂപ 3 ദിവസത്തിനകം ഒടുക്ക് വരുത്തണമെന്നും അല്ലാത്തപക്ഷം ഒരു ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി പുനർലേലം നടത്തുന്നതിനും ടി വിവരം കരാറുകാരനെ അറിയിക്കുന്നതിനുള്ള 29-3-2017-ലെ 16-ാം നം. കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി തീരുമാനപ്രകാരം ലേലക്കാരനെ വിവരം അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ വ്യക്തമാക്കിയിട്ടില്ല.

## 2-5 <u>അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പാവ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു.</u>

അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പഞ്ചായത്തിൽ പാവനിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. നൂറിലധികം ആളുകൾ ജോലി ചെയ്യുന്ന ബോഡി ഗിയർ ഇന്റർനാഷണൽ എന്ന പാവനിർമ്മാണയൂണിറ്റാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ നടത്തിയ പ്രാദേശികപരിശോധനയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ.13a/29.07.17) യ്ക്ക് ഡ്രയിനേജ് സംവിധാനം ഇല്ലായെന്നും അനധികൃത നിർമ്മാണം പൊളിച്ചു നീക്കാതെ പെർമിറ്റ് നൽകാൻ സാധിക്കില്ല എന്നും അസി.എഞ്ചിനിയർ റിപ്പോർട്ട്

നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. പുതിയ കെട്ടിടത്തിന്റെ പെർമിറ്റിനായി നൽകിയിരിക്കുന്ന അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന പ്ലാനിൽ വഴിയായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം കാന്റീനായി ഉപയോഗിക്കാൻ വേണ്ടി അടച്ചു കെട്ടി നിർമ്മിച്ചിരിക്കുകയാണെന്ന് സ്ഥല പരിശോധനയിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ അനധികൃത നിർമ്മാണം നിലനിൽക്കുന്നതിനാൽ പുതുതായി നിർമ്മിച്ച 459.10ച.മീറ്റർ വിസ്തീർണമുള്ള പുതിയ കെട്ടിടവും ക്രമവൽക്കരിച്ച് കെട്ടിടനികുതി ഈടാക്കാൻ സാധിച്ചിട്ടില്ല. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്ന ജോലികൾ സ്ഥല പരിശോധന സമയത്തിന് അൽപം മുമ്പായി ആരംഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. പൊളിച്ചു നീക്കൽ നടപടികൾ പൂർത്തീകരിച്ച് പുതുതായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി നിയമാനുസൃത നികുതി പലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ഈ സ്ഥാപനം ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. അനധികൃത നിർമ്മിതികൾഉള്ളതിനാൽ അതുപരിഹരിക്കുന്ന മുറയ്ക്ക് മാത്രം ഡി ആന്റ് ഒ ലൈസൻസ് നൽകിയാൽ മതി എന്ന് 13-04-16 ലെ XI(2)ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകാത്തത് എന്ന് അറിയിക്കുകയുണ്ടായി. തുണിയും ഫൈബറും ഉപയോഗിച്ചുള്ള പാവ നിർമ്മാണമാണ് സ്ഥാപനത്തിൽ നടന്നുവരുന്നത് . നൂറിലധികം ആളുകൾ ജോലി ചെയ്യുന്ന ഇത്തരത്തിലൊരു സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ ക്രമവൽക്കരണ നടപടികൾ പൂർത്തീകരിച്ച് നിയമാനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി ആന്റ് ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവം നിമിത്തം എത്ര സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട്, എത്ര സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമായിട്ടില്ല. 2015-16 വർഷത്തിൽ നിന്നും 350/-രൂപയുടെ വർദ്ധനവു മാത്രമെ ഡി ആന്റ് ഒ ലൈസൻസ് ഇനത്തിൽ ഉണ്ടായിട്ടുള്ളു. വാർഡ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | 2015-16 ലെ സ്ഥാപനങ്ങളുടെ എണ്ണം | ലഭിച്ച തുക | 2016-17ലെ സ്ഥാപനങ്ങളുടെ എണ്ണം | ലഭിച്ച തുക |
|---|---|---|---|---|
| I | 13 | 12200 | 18 | 16300 |

| | | | | |
|---|---|---|---|---|
| II | 18 | 15400 | 15 | 12800 |
| III | 50 | 30500 | 46 | 24800 |
| IV | 4 | 400 | 7 | 1300 |
| V | 3 | 4300 | 6 | 1300 |
| VI | 9 | 5700 | 7 | 5800 |
| VII | 8 | 2400 | 8 | 4800 |
| VIII | 16 | 7000 | 19 | 8000 |
| IX | 30 | 20900 | 25 | 19400 |
| X | 22 | 15600 | 26 | 16400 |
| XI | 116 | 52350 | 113 | 4400 |
| XII | 17 | 7000 | 19 | 9800 |
| XIII | 13 | 10900 | 16 | 9000 |
| XIV | 14 | 13300 | 9 | 8000 |
| XV | 16 | 8000 | 18 | 13400 |
| XVI | 13 | 13700 | 9 | 7200 |
| XVII | 12 | 5800 | 13 | 4300 |
| XVIII | 26 | 23200 | 33 | 27900 |
| XIX | 124 | 90900 | 153 | 104400 |

ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കൃത്യമായ കണക്ക സൂക്ഷിക്കുന്നതിനും ഡി ആന്റ് ഒ ലൈസൻസ് ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-7 <u>പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല</u>

പഞ്ചായത്ത് ലൈബ്രറി പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/27-07-17) ലൈബ്രറി കെട്ടിടം ശാസ്താംകോട്ട സബ്ട്രഷറിയ്ക്കായി വിട്ടു നൽകേണ്ടി വന്നതിനാലാണ് ലൈബ്രറി പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തത് എന്ന മറുപടിയാണ് ലഭിച്ചത്.ലൈബ്രറി പുസ്തകങ്ങൾ പഞ്ചായത്തിലെ മുകളിലത്തെ നിലയിൽ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.സ്റ്റോക്ക് രജിസ്റ്റർ

ഇല്ലാത്തതിനാൽ പുസ്തകങ്ങളുടെ എണ്ണം പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്ഥലപരിമിതിമൂലം ലൈബ്രറി പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ എത്രയും വേഗം ലൈബ്രറിയ്ക്കുള്ള സ്ഥലം കണ്ടെത്തി പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനം സജ്ജീകരിക്കേണ്ടതാണ്.

## 2-8 ലൈബ്രറി സെസ് ഒടുക്ക് വരുത്തുന്നില്ല.

2015-2016 വർഷത്തെ ലൈബ്രറി സെസ്സ് ഇനത്തിലുള്ള വരവായ 2,77,212.50 രൂപയും 2016-17 വർഷത്തെ 3,54,750/- രൂപയും ഉൾപ്പെടെ 6,31,962.25 രൂപ നാളിതു വരെ ഒടുക്ക് വരുത്തിയിട്ടില്ല. ടി തുക ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭരണിക്കാവ് ബസ്സ്ററാൻറിൽ സ്റ്റാൾ നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ -254/16

കരാറുകാരൻ - ഷംസുദ്ദീൻ

എസ്റ്റിമേറ്റ് - 10,00,000/- രൂപ

എം.ബുക്ക്-108/15-16,112/15-16

ഡിഡി.നമ്പർ/തീയതി-037520/30.03.16

ഭരണിക്കാവ് ജംഗ്ഷനിൽ പുതിയതായി നിർമ്മിച്ച ബസ്സ്റ്റാന്റിൽ സ്റ്റാൾ നിർമ്മിക്കുന്നതിന് തനതുഫണ്ടിൽ നിന്നും 10,00,000/- രൂപ വകയിരുത്തി ടെൻഡർ നടത്തി. ടി ടെൻഡറിൽ .01% എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിലുള്ള ഷംസുദ്ദീൻ എന്ന കരാറുകാരന്റെ ടെൻഡർ മാത്രമാണ് ലഭിച്ചത്. ആയത് അംഗീകരിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/16-17/26-7-17) മാർക്കറ്റ്നിരക്കും എസ്റ്റിമേറ്റ്നിരക്കും തമ്മിൽ അന്തരം നില നിന്നിരുന്നതിനാൽ ലഭ്യമായ നിരക്കിൽ കൂടിയ ഓഫർ ലഭിക്കാൻ സാധ്യതയില്ല എന്ന സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്ത്കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഏക ടെൻഡർ അംഗീകരിച്ചതെന്ന് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ടി ബസ്സ്റ്റാന്റിലൂടെ ബസുകൾ ഒന്നും കടന്നു

പോകാത്തതിനാൽ ഒരു കട മുറിയിൽ മാത്രമാണ് പ്രവർത്തനം നടക്കുന്നത്. ആദ്യ കാലങ്ങളിൽ ബസ്സ് ഇതുവഴി സർവീസ് നടത്തിയിരുന്നെങ്കിലും ഇപ്പോൾ ബസ്സ് ഇതു വഴി കടന്നുപോകുന്നത് നിർത്തി വച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് കെട്ടിട നിർമ്മാണം ഒരു പാഴ്ചെലവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ഭരണിക്കാവ് പഞ്ചായത്ത് ബസ് സ്റ്റാന്റ് -പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമായിട്ടില്ല

ഭരണിക്കാവ് പഞ്ചായത്ത് ബസ് സ്റ്റാന്റ് പൂർണ്ണമായ തോതിൽ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. വളരെയേറേ ജനത്തിരക്കും ഗതാഗതക്കുരുക്കും ഉള്ള ഭരണിക്കാവ് ജംഗ്ഷനെ സംബന്ധിച്ചിടത്തോളം ബസ് സ്റ്റാന്റ് പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് വർദ്ധിപ്പിക്കുകയാണ്. നിലവിൽ കുണ്ടറ,കൊല്ലം,ചവറ,കരുനാഗപ്പള്ളി, ചാരുംമൂട്, പുത്തൂർ, പത്തനംതിട്ട ഭാഗങ്ങളിലേക്കുള്ള സ്വകാര്യബസ്സുകളും കെ.എസ്സ്.ആർ.ടി.സി.ബസുകളും ഇപ്പോൾ ഭരണിക്കാവ് ജംഗ്ഷന്റെ വിവിധ ഭാഗങ്ങളിലായാണ് പാർക്ക് ചെയ്യുന്നത്. ഈ സ്ഥലങ്ങളിലേയ്ക്കുള്ള ബസുകളെല്ലാം പഞ്ചായത്ത് ബസ്സ്റ്റാന്റ് പൂർത്തീകരിച്ചതിന് ശേഷം കുറച്ചുകാലം ബസ്സ്റ്റാൻഡ് വഴി കയറിയാണ് സർവ്വീസ് നടത്തിയിരുന്നത്. നിലവിൽ ഇതു വഴിയുള്ള സർവ്വീസ് നിർത്തി വച്ചിരിക്കുകയാണ്.

ബസ്സ്സ്റ്റാന്റ് വീണ്ടും പ്രവർത്തനസജ്ജമാക്കാനായി പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ-15/29-07-17) എം.എൽ.എ, ആർ.ടി.ഒ, പോലീസ് സർക്കിൾ ഇൻസ്പെക്ടർ, വ്യാപാര വ്യവസായികൾ, വാഹന ഉടമകൾ എന്നിവരുടെ സംയുക്തയോഗംകൂടി ബസ് സ്റ്റാന്റ് പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. ഇത്തരത്തിലൊരു നടപടി സ്വീകരിച്ച് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിൽ കാലതാമസ്സം ഉണ്ടായിരിക്കുന്നത് പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ ബന്ധപ്പെട്ട അധികാരികളുടെ സഹായത്തോടെ ബസ്സ് സ്റ്റാന്റ് പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ബസ് സ്റ്റാന്റിലെ ടോയ് ലെറ്റ് സൗകര്യം, വെയിറ്റിംഗ് ഷെഡ് എന്നിവ കാര്യക്ഷമമാക്കുക, ആവശ്യമെങ്കിൽ വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള ബസുകളുടെ സമയം ഉച്ചഭാഷിണി മുഖേന

യാത്രക്കാരെ അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, എന്നിവയിലൂടെ ബസ്സ്റ്റാന്റ് പൊതുജന സൗഹൃദപരമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**3-3** ഭവന നിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

വി.ഇ.ഒ.നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ആയി നടപ്പിലാക്കിയ ഭവന നിർമ്മാണം എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.16/16-17) വികസന ഫണ്ടിൽ നിന്നും 28,80,000/-രൂപ വകയിരുത്തിയെങ്കിലും തൻവർഷം 23,40,000/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തികരിക്കുവാൻ ആവശ്യമായ മുഴുവൻ തുകയും വകയിരുത്തി പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല എന്ന് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും, വാർഡുനമ്പരും | നാളിതു വരെ കൈപ്പറ്റിയ തുക | ഒടുവിൽ തുകകൈപ്പറ്റിയ തീയതി | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി.ലീല, ചരുവിൽ പടിഞ്ഞാറ്റതിൽ, മുതുപിലാക്കാട്,IX | 1,80,000 | 06.09.16 | 1/16-17; 06.09.16 |
| 2 | ശ്രീ.ജയകുമാർ,അമ്മൂഴത്ത് വടക്കതിൽ,മുതുപിലാക്കാട്,V | 1,80,000 | 06.09.16 | 1/1617; 06.09.16 |
| 3 | ശ്രീ.സൂരജ്.എസ്,മുളയ്ക്കൽ തെക്കതിൽ,മനക്കര,XI | 1,80,000 | 06.09.16 | 1/1617; 06.09.16- |
| 4 | ശ്രീ. പ്രദീപ്, മംഗലത്ത് വീട്, കരിന്തോട്ടുവ.VI | 1,80,000 | 06.09.16 | 1/1617; 06.09.16 |
| 5 | ശ്രീ.സത്യൻ, | 1,80,000 | 28.10.16 | 3/16-17; |

| | | | | |
|---|---|---|---|---|
| | കമ്പിലഴികത്ത്, കരിന്തോട്ടുവ,VI | | | 28.10.16 |
| | ശ്രീ.പ്രേമൻ, ആശാന്റയ്യത്ത്, പനപ്പെട്ടി.I | 1,80,000 | 15.10.16 | 2/16-17; 15.10.16 |
| | ശ്രീ.സന്തോഷ്, അയണിവിള തെക്കേതിൽ, മുതുപിലാക്കാട്,V | 1,80,000 | 15.10.16 | 2/16-17; 15.10.16 |
| | ശ്രീമതി.സരസ്വതിയമ്മ, കുഴിഞ്ഞയ്യത്ത് വീട്,മുതുപിലാക്കാട്,III | 1,20,000 | 18.01.16 | ലഭ്യമല്ല |

ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ ഒരു ഗുണഭോക്താവ് തൻവർഷം യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല എന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് 11.1.16-ലെ സ.ഉ.(എം.എസ്സ്.)നം.4/16/ത.സ്വ.ഭ.വ. മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിരിക്കെ ഭവന പൂർത്തീകരണത്തിനോ പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കെതിരെയോ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഓട്ടോ വാങ്ങുന്നതിന് സബ്സിഡി -രേഖകളില്ലാത്തതിനാൽ 150000/-രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഓട്ടോ വാങ്ങുന്നതിന് സബ്സിഡി (പ്രോജക്ട് നം-24/17)എന്ന പദ്ധതി പ്രകാരം ഓട്ടോ വാങ്ങുന്നതിനായി സബ്സിഡിയിനത്തിൽ 50,000/-രൂപ വീതം വികസനഫണ്ടിൽ (എസ്.സി.പി) നിന്നും വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുംവിലാസവും, വാർഡ് നമ്പരും. | തുക ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ | ബിൽനം/ തീയതി |
|---|---|---|---|
| 1 | വൈശാഖ് രാജ്, | എസ്.ബി.ടി, | 24/16-17; |

| | | | |
|---|---|---|---|
| | സൂര്യഭവനം,<br>മുതുപിലാക്കാട്.IV | ശാസ്താംകോട്ട | 18.3.17 |
| 2 | മഹേന്ദ്രൻ.കെ,<br>കല്ലുംപുരത്ത് വടക്കതിൽ,<br>മനക്കര.XVIII | ഇന്ത്യൻബാങ്ക്,<br>ശാസ്താംകോട്ട. | 24/16-17;<br>18.3.17 |
| 3 | രതീഷ്,<br>കാഞ്ഞിരംകാട്ട്പുത്തൻവീട്,IV | എസ്.ബി.ടി,<br>ശാസ്താംകോട്ട | 35/16-17;<br>30.03.17 |
| | ആകെ | 1,50,000/- | |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഓട്ടോ വാങ്ങിയതിന്റെ രേഖകൾ (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ്) ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ് എൻക്വയറിക്ക് (നം.1/21.07.2017 ) നൽകിയ മറുപടിയിൽ രേഖകളുടെ പകർപ്പുകൾ ഗുണഭോക്താക്കളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 <u>വിശദമായ വിനിയോഗ രേഖകളില്ല, ചെലവു തുക-10,90,000/- തടസ്സപ്പെടുത്തുന്നു.</u>

<u>പ്രോജക്ട് :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ (ജനറൽ)</u>

പ്രോജക്ട് നമ്പർ -35/2017

അടങ്കൽ-

വികസന ഫണ്ട്(പൊതുവിഭാഗം)-8,90,000/-രൂപ

ചെലവ്-8,90,000/-രൂപ

ബിൽനം-25/16-17;17.3.17

<u>പ്രോജക്ട് :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ (എസ്.സി.പി)</u>

പ്രോജക്ട് നമ്പർ -167/2017

വികസന ഫണ്ട്(എസ്.സി.പി)-2,00,000/-രൂപ

ചെലവ്-2,00,000/-രൂപ

ബിൽനം-26/16-17;17.03.17

നിർവ്വഹണം:ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 10,90,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീതും തുക വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്ട് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.18/08/2012ലെ (എം.എസ്.) 225/12/ത.സ്വ.ഭ.വ, 16.11.2013ലെ (എം.എസ്) 362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2.എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷങ്ങളിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/29.07.2017)ലഭ്യമാക്കിയ മറുപടിയിൽ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 10,90,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-വിതരണ രേഖകളില്ല; 190000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം-197/17

വികസനഫണ്ട്(ജനറൽ)-3,00,000/-രൂപ

ചെലവ്-3,00,000/-രൂപ

ബിൽനം /തീയതി-8/16-17;27.8.16

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 60 കുടുംബശ്രീ യൂണിറ്റുകൾക്ക് 5000/-രൂപ വീതം റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിരുന്നു. കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിനിയോഗവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 21.07.2017 ൽ നൽകിയ 1-ാം നം എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 22 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുക വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക 1,90,000/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണെന്ന് സി.ഡി.എസ് ചെയർപേഴ്സണും മെമ്പർ സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്.

വിതരണത്തിന്റെയും വിനിയോഗത്തിന്റെയും രേഖകളുടെ അഭാവത്തിൽ ശേഷിക്കുന്ന 38 കുടുംബശ്രീ ഗ്രൂപ്പുകൾക്കു വേണ്ടി പിൻവലിച്ച 1,90,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 കായൽ സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് വ്യക്തിഗത കക്കൂസ് നിർമ്മാണ പദ്ധതിയിൽ 300 പേർക്ക് ആനുകൂല്യം നൽകാനായി സർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നു. 29/11/14 ലെ GO(Rt) നം.3057/14 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് തുക നൽകിയത്. 2014-15 ൽ 97,20,000/- രൂപ ഈയിനത്തിൽ ലഭിച്ചു. 2016-17 വരെ 248 പേർ നിർമ്മാണം പൂർത്തിയാക്കി.

ഒരാൾക്ക് 36,000/-രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 20,000/- രൂപ പുതിയ ശുചിമുറി നിർമ്മിക്കുവാനും 16,000/- രൂപ സെപ്റ്റിക് ടാങ്കിന്റെ വില/പണിക്കൂലി ആയിട്ടുമാണ് നിശ്ചയിച്ചിരിക്കുന്നത്. പുതിയതായി മുറി പണിഞ്ഞ് സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചവർക്ക് ആയതിന്റെ മൂല്യം മാത്രമേ നൽകിയിട്ടുള്ളൂ. 2016-17 വരെ 77,57,500/- രൂപ ഈയിനത്തിൽ ചെലവഴിച്ചു. ഈ അക്കൗണ്ടിൽ നിലവിൽ, 1,96,2500/- രൂപ മുതലും 2,35,583 രൂപ പലിശയുമടക്കം 2,19,8083/- രൂപ ശേഷിക്കുന്നുണ്ട്.

കേരളം ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ തുകയുടെ ഇനിയുള്ള വിനിയോഗം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ നൽകേണ്ടതുണ്ട്. ഫണ്ട് ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

## 3-8 തുല്യതാ പഠനത്തിന്റെ രേഖകളില്ല,**96,200/-**രൂപ തടസ്സപ്പെടുത്തുന്നു

സാക്ഷരതാ തുല്യതാ പഠനം (സ്പിൽ ഓവർ പ്രോജക്ട് നം.242/17), (തൻ വർഷ പ്രോജക്ട് നം.28/17) എന്നീ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്നും 96,200/- രൂപ നിർവ്വഹണോദ്യോഗസ്ഥനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. (ബിൽനം-18/16-17;21.02.17, ബിൽനം21/16-17;23.02.17) സാക്ഷരതാ മിഷനിൽ പഠിതാക്കളെ രജിസ്റ്റർ ചെയ്ത രേഖകൾ, സംസ്ഥാന പരീക്ഷാ ബോർഡിൽ വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷയ്ക്കായി പരിശീലനം നൽകിയതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ,തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 14/16-17 /29-07-17) രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുംവരെ ഈയിനത്തിൽ ചെലവഴിച്ച 96200/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 മരുന്ന് ലഭ്യമായില്ല, **6,99,401/-** രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലെ മെഡിക്കൽ ഓഫീസർമാർ 2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി സർക്കാർ ഏജൻസികൾക്ക് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ/ പദ്ധതി | നൽകിയ തുക/പെർഫോർമ ഇൻവോയ്സ്. | ബിൽ നം/ ഫണ്ടിനം | തുക കൈപ്പറ്റിയ ഏജൻസി | ലഭിക്കാനുള്ള മരുന്ന് (രൂപ) |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം)<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-101/17 | 250000/-<br>PRFNo-135/18;10/16 | 1/16-17;23.11.16<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ഔഷധി | 35998 |
| 2 | മെഡിക്കൽ ഓഫീസർ (ആയുർവേദം) ജീവിതശൈലി രോഗ നിയന്ത്രണം-103/17 | 100000/-PRFNo-458/06.01.17 | 2/16-17;23.11.16 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ഔഷധി | 2619 |
| 3 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)<br>പാലിയേറ്റീവ് കെയർ-94/17 | 233400/- PRFNo-2752;22.2.17 | 2/16-17;21.3.17<br>വികസനഫണ്ട് (ജനറൽ) | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 185784 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>ഹോമിയോ ആശുപത്രിക്കു മരുന്നു വാങ്ങൽ-99/17 | 200000/-<br>PRFNo-667/14.12.16 | 1/16-17; 19.01.2017 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ഹോംകോ | 200000 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) വൃദ്ധജനങ്ങൾക്ക് ചികിൽസയും പരിചരണവും-113/17 | 225000/-PRFNo-516/15.2.17 | 2/16-17;20.03.17 വികസനഫണ്ട് (ജനറൽ) | ഔഷധി | 125000 |

| | | | | | |
|---|---|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) വൃദ്ധജനങ്ങൾക്ക് ചികിൽസയും പരിചരണവും-113/17 | 75000/-PRFNo-1277/21.2.17 | 3/16-17;30.3.17 വികസനഫണ്ട് (ജനറൽ) | ഹോംകോ | 75000 |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) ആയുഷ് ഹോളിസ്റ്റിക് സെന്റർ-114/17 | 75000/- PRFNo-1278/21.2.17 | ചെക്ക്നം-567853;29.3.17 തനതുഫണ്ട് | ഹോംകോ | 75000 |
| | | | | ആകെ | 6,99,401 |

മരുന്നുകൾ ലഭ്യമാകുന്നതു വരെ 6,99,401/-തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

2016-17 സാമ്പത്തിക വർഷം 115 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റുകളും 1000 ജൈവസംസ്കരണ ഭരണികളും സ്ഥാപിക്കുന്നതിനായി 5,01,500/-രൂപ ഐ.ആർ.ടി.സി യുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകിയിട്ടുണ്ട്. 10,500/- രൂപ വിലയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റും 1300/- രൂപ വിലയുള്ള പോട്ട് കംമ്പോസ്റ്റുകളുമാണ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. ഇവയുടെ ആകെ വിലയായ 25,07,500/- രൂപയുടെ 20% തുകയായ 5,01,500/- രൂപയാണ് മുൻകൂറായി നിർവഹണ ഏജൻസിയ്ക്ക് നൽകിയത്.

മുൻകൂർ കൈപ്പറ്റിയ ശേഷം നിർവഹണ ഏജൻസി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം. 6/27.07.17) വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ 25.03.17 ആണ് തുക നൽകിയതെന്നും 2017-18ൽ പദ്ധതി സ്പിൽഓവറായി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചുണ്ട്. ആകെ 65 വ്യക്തികളാണ് ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ളത്. 28 പേർക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിട്ടുണ്ട്. ജൈവ സംസ്കരണഭരണികൾ നാളിതുവരെ എത്തിച്ചിട്ടില്ല.

ഐ.ആർ.ടി.സി യുമായി 28.03.17 ൽ ഏർപ്പെട്ട കരാറിൽ 20% മുൻകൂറായി

നൽകണമെന്നും അതിന്റെ 90% വിനിയോഗിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കുമ്പോൾ അടുത്ത ഗഡു നൽകണമെന്നും വ്യവസ്ഥയുണ്ട്. കരാറിലെ ഏഴാമത്തെ വ്യവസ്ഥ പ്രകാരം പദ്ധതി പൂർത്തീകരിക്കുവാൻ ഒന്നാം ഗഡു കൈപ്പറ്റി പരമാവധി മൂന്നു മാസമാണ് സമയപരിധി അനുവദിച്ചിരിക്കുന്നത്.

ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ഈ ഘട്ടത്തിൽ പദ്ധതികൾ സ്പിൽഓവറാക്കി താമസം വരുത്താതെ നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്

## **3-11** <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- **100000/-** രൂപ തടസ്സപ്പെടുത്തുന്നു.</u>

<u>പ്രോജക്ട്- വികലാംഗർക്ക് മുച്ചക്ര വാഹനവിതരണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ</u>

പ്രോജക്ട് നമ്പർ-116/17

അടങ്കൽതുക - 1,00,000/- രൂപ

(വികസനഫണ്ട് ജനറൽ)

ചെലവ്- 1,00,000/- രൂപ

നിർവഹണം- ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ

വികലാംഗർക്കുള്ള മുച്ചക്ര വാഹന വിഹിതഇനത്തിൽ ഒരുലക്ഷം രൂപ ജില്ലാ പഞ്ചായത്ത് 21-01-17 ലെ5 68535-ാം നമ്പർ ഡി.ഡി.പ്രകാരം കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരങ്ങൾ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 4/24.07.17) ന് ലഭ്യമാക്കിയ മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-12** <u>ആശ്രയ പദ്ധതി - സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ തുക വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു.</u>

ആശ്രയ പദ്ധതി പ്രകാരം ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ച് കഴിഞ്ഞിട്ടും ആനുകൂല്യം വിതരണം ചെയ്യുന്നില്ല.ഇക്കാരണത്താൽതന്നെ സി.ഡി.എസിന്റെ അക്കൗണ്ടിൽ, 12,93,264/- രൂപ ശേഷിക്കുന്നുണ്ട്. ഇതിൽ ഭവന നിർമ്മാണ

ഗുണഭോക്താക്കൾക്ക് അനുവദിച്ചതിൽ വിതരണം ചെയ്യാനുള്ള 1,75,000/-രൂപയും ഉൾപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/21.07.17) ലഭ്യമാക്കിയ മറുപടിയിൽ ഒരു ഗുണഭോക്താവിന് 3 ലക്ഷം രൂപ വീതം 4 ഗുണഭോക്താക്കൾക്കുള്ള തുക സി.ഡി.എസിന്റെ അക്കൗണ്ടിലേക്കു മാറി നൽകിയിരുന്നു. ഇവർ പണി പൂർത്തിയാക്കിയെങ്കിലും 2,50,000/-രൂപ മാത്രമാണ് നൽകിയത്. തുകയുടെ പരിധി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ അവ്യക്തത മൂലമാണ് വിതരണം നീണ്ടുപോയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക വിതരണം ചെയ്ത് വിവരങ്ങൾ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 3-13 വൃദ്ധ സദന നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ-S0046/17

ഫണ്ട്-പ്ലാൻ ഫണ്ട്

അടങ്കൽ-150000/- രൂപ

പഞ്ചായത്തിലെ 11-ാം നം. വാർഡിൽ പുതുതായി നിർമ്മിച്ച വൃദ്ധസദനം വൈദ്യുതീകരിക്കുന്നതിന് 1,50,000/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി നമ്പർ -20/E.E /DPK/Electrical/15-16/23.09..16പ്രകാരം ടി എസ്സ് ലഭിച്ചു. ടി വർക്ക് സോമശേഖരൻ എന്ന കൺവീനർക്ക് നൽകുകയും ടിയാൻ 16-03-16 ൽ വർക്ക് പൂർത്തീകരിച്ച് ആകെ 129015/- രൂപയിൽ റിക്കവറി കഴിഞ്ഞ് 82,551/-രൂപ ഡിഡി നമ്പർ 038024/5-04-16 പ്രകാരവും, 45,145/-രൂപ പ്രകാരവും കൈപ്പററിയിട്ടുണ്ട്

2012-13 വർഷം വൃദ്ധസദനത്തിന്റെ നിർമ്മാണവും പ്ലംബിംഗ് വർക്കുകളും പൂർത്തിയായിരുന്നു (പ്രോജക്ട് നമ്പർ-72/08-09, അടങ്കൽ-872790/- രൂപ) ഇലക്ട്രിക് വർക്കുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 28-07-17ൽ നടത്തിയ സ്ഥല പരിശോധനയിൽ ടി കെട്ടിടത്തിൽ ആയുർവേദം, ഹോമിയോ, സിദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന ആയുഷ് ഹോളിസ്റ്റിക് സെൻറർ മാത്രമാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ടി കെട്ടിടത്തിൽ വൃദ്ധജനങ്ങളെ പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സ്ഥല സൗകര്യങ്ങളും ആയതിന് വേണ്ട ഫണ്ട് സംഭരിക്കുന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (29.07.17)ന് ഗ്രാമ പ്രദേശമായ ശാസ്താംകോട്ടയിൽ വൃദ്ധസദനം നടത്തുന്നത് അപ്രായോഗികമാണെന്നും ആഴ്ചയിൽ രണ്ടുദിവസം ഹോളിസ്റ്റിക് സെന്ററിൽ വൃദ്ധജനങ്ങളെ മാത്രമാണ്

പരിശോധിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻ.ആർഎച്ച്.എം സ്കീം പ്രകാരമുള്ള ഹോളിസ്ററിക്ക് സെൻറർ പ്രവർത്തനം നടത്തുന്നതിനാൽ നിലവിൽ ടി കെട്ടിടത്തിൽ വൃദ്ധരെ പാർപ്പിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലെന്നും നിരാലംബരെ സംരക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് മിഷൻ എന്ന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 <u>അംഗനവാടി നിർമ്മാണം -ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല-അധികം നൽകിയ തുക നിരാകരിക്കുന്നു</u>

പ്രോജക്ട് നം-1/16, 149/17

കരാറുകാരൻ-ഗോപാലകൃഷ്ണപിള്ള

പഞ്ചായത്തിന്റെ 8-ാം വാർഡിൽ അംഗനവാടി നിർമ്മിക്കുന്നതിന് ലോക ബാങ്ക്, കേന്ദ്ര ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വകയിരുത്തി 8,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നം-340/15-16/sbp/2-7-15 പ്രകാരം സാങ്കേതികാനുമതി ലഭിച്ചു. ടി വർക്ക് ടെണ്ടർ ചെയ്തപ്പോൾ ഒരു ശതമാനം എസ്റ്റിമേറ്റിൽ കുറഞ്ഞ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. എന്നാൽ റീടെണ്ടർ നടപടികൾ സ്വീകരിക്കുകയോ കരാറുകാരനുമായി നെഗോസിയേഷൻ നടത്തുകയോ ചെയ്യാതെ കരാറുകാരനായ ഗോപാലകൃഷ്ണപിള്ളയ്ക്ക് വർക്ക് അനുവദിച്ചു നൽകി. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറി നം-6/16-17 /26-7-17-ന് -ടി വർക്ക് ടെണ്ടർ ചെയ്ത കാലഘട്ടത്തിൽ മാർക്കററിൽ ലഭ്യമായ സാധനങ്ങളുടെ വിലയിലും ജോലിക്കൂലിയിലും നിന്നും എസ്റ്റിമേറ്റിൽ അന്തരം നില നിന്നിരുന്നതിനാൽ ലഭ്യമായ നിരക്കിൽ കൂടിയ ഓഫർ ലഭിക്കാൻ സാധ്യതയില്ല എന്ന സാഹചര്യം കണക്കിലെടുത്ത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഏക ടെൻഡർ അംഗീകരിച്ചതെന്ന് എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റിൽ 14-ാം ഇനമായ ആഞ്ഞിലിത്തടി ഉപയോഗിച്ചുള്ള ഫ്രെയിം വർക്കിന് 'ഒരു $m^3$ ന് 94491.67/-രൂപ വീതം $0.53m^3$ന് 50459/- രൂപ കണക്കാക്കിയിരിക്കുന്നു. എന്നാൽ എം.ബുക്ക് നമ്പർ -121/16 ലെ രേഖപ്പെടുത്തൽ പ്രകാരം (പേജ്17 ൽ $0.14m^3$ ഉം പേജ്44 ൽ $0.35m^3$) ആകെ $0.49m^3$ ആണ് ചെയ്തിട്ടുള്ളത്. എന്നാൽ എം ബുക്ക് നമ്പർ -122/15-16 പേജ് 12-ൽ 0.76എം3 എന്ന്

രേഖപ്പെടുത്തി 0.53എം3 ൽ ലിമിറ്റ് ചെയ്ത് 50080.58 രൂപ അനുവദിച്ച് നൽകി. $m^3$ന് 94491.6/- രൂപ പ്രകാരം 0.04$m^3$ ന് 3779.60 രൂപ അധികം നൽകിയിട്ടുണ്ട്. അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി തുക തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 3-15 ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അഡ്വാൻസായി നൽകി

പ്രോജക്ട്നമ്പർ-S0031/117

എസ്റ്റിമേറ്റ്-19,13,929/- രൂപ

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ISO സർട്ടിഫിക്കേഷനുവേണ്ടിയുള്ള ഓഫീസ് ഫർണീഷിംഗിനു റബ്കോയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 4,50,000രൂപയും ലോകബാങ്ക് ഫണ്ട് 14,63,929 രൂപയും ഉൾപ്പെടെ ആകെ 19,13,929/- രൂപ റബ്കോയ്ക്ക് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് നമ്പർ-e1-1001/16/11-03-17, നിബന്ധന 7-ൽ ടി വർക്ക് ഡെപ്പോസിറ്റ് വർക്കായതിൽ എഗ്രിമെന്റ് വച്ചതിന് ശേഷം മുഴുവൻ തുകയും ഒടുക്കു വരുത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) നം.311/14, ഫിൻ/ 30-07-2014 പ്രകാരം എസ്റ്റിമേറ്റ് തുക വിവിധ ഘട്ടങ്ങളിലായിട്ടാണ് നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. റബ്കോയിൽ നിന്നുള്ള മെറ്റീരിയൽസ് റബ്കോയിൽ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും അസ്സംബിൾ ചെയ്തിട്ടില്ല. ആയത് അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 9000 | 3/17. നെൽകൃഷി വികസനം | 9000 | 0 |
| ജില്ലാ | 2016-17 | 15000 | 3/17 | 15000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നെൽകൃഷി വികസനം | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 450000 | 96/17<br>പശുവളർത്തൽ | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 589742 | 132/17 ,<br>പാലിന്<br>സബ്സിഡി | 589742 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 800000 | 138/17വാഴകൃഷിവികസനം | 800000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 41400 | 139/17നെൽകൃഷി വികസനം | 41400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | `140/17 ജൈവപച്ചകൃഷി വികസനം | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250000 | 169/17വീടട്ടുവളപ്പിലെ പച്ചക്കറികൃഷി | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 293000 | 94/17-പാലിയേറ്റിവ് കെയർ | 0 | 293000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | 109/17 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 150000 | 109/17,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 410600 | 130/17,ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ് | 410600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 550000 | 142/17,അംഗനവാടികൾക്ക് സ്ഥലം വാങ്ങൽ | 56950 | 493050 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 350000 | 149/17,8ാംവാർഡിലെ അങ്കണവാടി നിർമ്മാണം | 330242 | 19258 |
| ജില്ലാ | 2016-17 | 350000 | 153/17, 14ാം വാർഡിലെ അങ്കണവാടി | 350000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നിർമ്മാണം | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| റബ്കോ | 31/17-ഐ.എസ്സ്.ഒ. സർട്ടിഫിക്കേഷൻ | 21601243/ 18-03017<br>21601248/ 18-03-17 | 450000<br>1463929 | | - |
| കെൽട്രോൺ ലിമിറ്റഡ്, ആലപ്പുഴ | 126/17 സൗരോർജ പാനൽ | 2160079/ 14-02-17<br>2101099/ 21-02-17 | 408120<br>508899 | | |
| കെ.എസ്സ്.ഇ.ബി | 261/17- സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601265/ 22-03-17<br>21601177/ 06-03-17<br>21601178 /06-03-17 | 131575<br>1710000<br>686150 | - | - |
| കെ.എസ്സ്.ഇ.ബി | 261/17, സ്ട്രീറ്റ് മെയിൻ വലിക്കൽ | 21601299 /<br>27-03-17 -ചെക്ക് നമ്പർ-20005<br>21601398/<br>31-03-17-ചെക്ക് നമ്പർ-20009 | 75205<br>1065360 | - | - |
| ഐ.ആർ.ടി.സി | 106/17, | 21601291/ | 241500 | - | - |

| | | | | | |
|---|---|---|---|---|---|
| മുണ്ടൂർ, പാലക്കാട് | പോർട്ടബിൾ ബയോഗ്യാസ്സ് പ്ലാന്റ് | 25-03-17-ചെക്ക് നമ്പർ-2119363 | | | |
| ഐ.ആർ.ടി.സി. മുണ്ടൂർ, പാലക്കാട് | 107/17, പൈപ്പ് കമ്പോസ്റ്റ് | 21601290/ 25-03-17-ചെക്ക് നമ്പർ-2119362 | 260000 | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3851/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-17 | 3851 | ശ്രീ.ഷാജി.എസ്സ്, അസ്സി.എഞ്ചിനിയർ, എൽ.എസ്സ്.ജി.ഡി | 2101405/31-05-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 104435715 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83396948 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3779.60 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2325601 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-15 | | 3779.60 | അസ്സി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 150000 | അസ്സി.സെക്രട്ടറി |
| 3-6 | 1090000 | സെക്രട്ടറി |
| 3-7 | 190000 | അസ്സി.സെക്രട്ടറി |
| 3-9 | 96200 | സെക്രട്ടറി |
| 3-10 | 699401 | മെഡിക്കൽ ഓഫീസർ ആയുർവേദം |

| | | |
|---|---|---|
| 3-12 | 100000 | ഐ.സി.ഡി.എസ്സ്.സൂപ്പർ വൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്സ.ശിവകുമാർ, അസ്സി.സെക്രട്ടറി | അസ്സി.സെക്രട്ടറി. ശാസ്താംകോട്ട ഗ്രാ.പ | ചരിഞ്ഞയ്യത്ത് വീട്, പോരുവഴി പനപ്പെട്ടി.പി.ഒ |
| റാണാ.എം.ആർ, അസ്സി.എഞ്ചിനിയർ | അസ്സി.എഞ്ചിനിയർ, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് | മന്നേട്ടി മൂട്ടിൽ, തട്ടാമല പി.ഒ,കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ക്യൂ പി2/1195(1)/14 /12.06.14 |
| 1997-98 | എൽ എഫ് ക്യൂ പി2/1195(2)/14 /12.06.14 |
| 1998-99 | എൽ എഫ് ക്യൂ പി2/1195(3)/14 /12.06.14 |
| 1999-00 | എൽ എഫ് ക്യൂ പി2/1195(4)/14 /12.06.14 |

| | |
|---|---|
| 2000-01 | എൽ എഫ് ക്യൂ പി2/1195(5)/14 /12.06.14 |
| 2001-02 | എൽ എഫ് ക്യൂ പി2/1195(6)/14 /12.06.14 |
| 2002-03 | എൽ എഫ് ക്യൂ പി2/1195(7)/14 /12.06.14 |
| 2003-04 | എൽ എഫ് ക്യൂ പി2/1195(8)/14 /12.06.14 |
| 2004-05 | എൽ എഫ് ക്യൂ പി2/1195(9)/14 /12.06.14 |
| 2005-06 | എൽ എഫ് ക്യൂ പി2/1195(10)/14 /12.06.14 |
| 2006-07 | എൽ എഫ് ക്യൂ പി2/1195(11)/14 /12.06.14 |
| 2007-08 | എൽ എഫ് ക്യൂ പി2/1195(12)/14 /12.06.14 |
| 2008-09 | എൽ എഫ് ക്യൂ പി2/1195(12)/14 /12.06.14 |
| 2009-10 | എൽ എഫ് ക്യൂ പി2/1195(13)/14 /12.06.14 |
| 2010-11 | എൽ എഫ് ക്യൂ പി2/1195(14)/14/12.06.14 |
| 2011-12 | നം.കെ എസ് എ-കെഎൽ എം പി 2/1189/ 1508.09.15 |
| 2012-13 | നം.കെ എസ് എ-കെഎൽ എം പി 2/875/14/ 11.09.15 |
| 2013-14,2014-15 | നം.കെ എസ് എ-കെഎൽ എം പി 2/479/2016/ 31.3.2016 |
| 2015-16 | നം.കെ എസ് എ-കെഎൽ എം പി 2/1846/2016/ 04-02-17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-10 സാക്ഷ്യപത്രം 2016-2017

കെ.എസ്.എ. കെ.എൽ.എം - പി.2 – 1540/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in

തീയതി –17/08/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയം,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.